**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2763** **13-10-2021 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുടങ്ങിയ ശമ്പളം അടിയന്തരമായി വിതരണം ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രജീവനക്കാരുടെ ശമ്പളം അതാത് ക്ഷേത്രങ്ങളുടെ ഫണ്ടിൽ നിന്നുമാണ് നൽകേണ്ടത്, എന്നാൽ വാർഷിക വരുമാനം 20 ലക്ഷം രൂപയിൽ താഴെയുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പള ധനസഹായം അനുവദിക്കുന്നുണ്ട്. വാർഷിക അസസ്സിബിൾ വരുമാനത്തിന്റെ 50% തുക ജീവനക്കാർക്ക് ശമ്പളമായി നൽകണമെന്നും ഇപ്രകാരം വിനിയോഗിച്ചിട്ടും ശമ്പളയിനത്തിൽ ബാക്കി നിൽക്കുന്ന തുക മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുവദിക്കുമെന്നുമാണ് വ്യവസ്ഥ. മറ്റ് വരുമാന മാർഗ്ഗങ്ങൾ ഒന്നുമില്ലാത്ത മലബാർ ദേവസ്വം ബോർഡിന് സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുന്ന മുറയ്ക്ക്, മാനേജ്മെന്റ് ഫണ്ടിൽ നിന്നുള്ള ധനസഹായം, നാലുമാസം കൂടുമ്പോഴോ, വർഷത്തിൽ ഒരുമിച്ചോ, ക്ഷേത്ര ഭരണാധികാരിയുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അനുവദിച്ച് വരുന്നുണ്ട്. മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പള ധനസഹായം അനുവദിക്കുന്നതിന് സ്വാഭാവികമായ കാലതാമസം ഉണ്ടാകാറുണ്ട്. കോവിഡ് -19 മഹാമാരി സാമ്പത്തിക പ്രതിസന്ധി മൂലം ക്ഷേത്രജീവനക്കാർക്ക് ക്ഷേത്രങ്ങളിൽ നിന്നും അനുവദിക്കേണ്ട ശമ്പള വിഹിതത്തിന് തടസ്സം നേരിടുകയും ശമ്പളം മുടങ്ങുന്നതിന് ഇടയാകുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള നിബന്ധനകൾ പ്രകാരം മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നുള്ള ശമ്പള ധനസഹായത്തിന് അർഹതയില്ലാത്ത ക്ഷേത്രങ്ങൾക്ക് പോലും, ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യം പരിഗണിച്ച് കഴിയാവുന്ന തരത്തിലുള്ള സാമ്പത്തിക സഹായം നൽകുവാൻ |

| | | | |
|---|---|---|---|
| | | | ബോർഡ് ശ്രമിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം, സർക്കാർ ഗ്രാന്റിന് പുറമെ, മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിൽ നിന്ന് മാത്രം 8.2 കോടി രൂപ ക്ഷേത്രജീവനക്കാരുടെ ശമ്പളം നൽകുന്നതിന് ഇതിനകം വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ